SJD/2028/2023-D3

)5737/2023

## വിവരാവകാശം/മറുപടി

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :14-07-2023
Email - swdkerala@gmail.com
Phone - 0471 – 2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി ഡയറക്ടറേറ്റ്
തിരുവനന്തപുരം.

സെന്തിൽ കുമാർ എസ്
കരീത്തറ(H)
എഴുമാംന്തുരുത്ത് പി ഒ
മുട്ടുച്ചിറ വഴി, കോട്ടയം
പിൻ- 686613

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - ഡയറക്ടറേറ്റ് - വിവരാവകാശ നിയം പ്രകാരമുള്ള അപേക്ഷയിന്മേൽ മറുപടി നൽകുന്നത് സംബന്ധിച്ച്.

സൂചന :- 1. വിവരാവകാശ നിയമ പ്രകാരമുള്ള താങ്കളുടെ അപേക്ഷ

മേൽ സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. വിവരാവകാശ നിയമ പ്രകാരം താങ്കൾ സമർപ്പിച്ച അപേക്ഷയിന്മേലുള്ള മറുപടി താഴെ ചേർക്കുന്നു.

a) RPwD Act 2016 സെക്ഷൻ 2(k) പ്രകാരം സർക്കാർ എസ്റ്റാബ്ലിഷ്മെന്റുകളുടെ പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളിലെയും , ഭിന്നശേഷിക്കാർക്ക് അനുയോജ്യമായി കണ്ടെത്തിയിട്ടുള്ള തസ്തികകളിൽ ഭിന്നശേഷി സംവരണം ബാധകമാണ്. വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന സ്ഥാപനങ്ങളിലെ കായിക അധ്യാപക തസ്തികകളുടെ ഫങ്ഷണാലിറ്റി അസ്സസ്‌സ്മെന്റ് നടത്തി ഡ്രാഫ്റ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. എക്സ്പെർട്ട് കമ്മിറ്റി പരിശോധിച്ച് സംവരണം അനുവദിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തുന്ന പക്ഷം, ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് പ്രകാരം സംവരണം അനുവദിക്കാവുന്നതാണ്.

b). നിലവിൽ സംവരണ പരിധിയിൽ ഉൾപ്പെട്ടു വരുന്നില്ല. വിവിധ വകുപ്പുകളിലെ തസ്തികകളുടെ പോസ്റ്റ് ഐഡന്റിഫിക്കേഷൻ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആയത് പൂർത്തിയായി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് മാത്രമേ വ്യക്തമായ മറുപടി നൽകുന്നതിന് സാധിക്കുകയുള്ളൂ .

c) നിലവിൽ ഉൾപ്പെട്ടിട്ടില്ല. കായിക അധ്യാപക തസ്തികകളുടെ ഫങ്ഷണാലിറ്റി അസ്സസ്‌സ്മെന്റ് നടത്തി ഡ്രാഫ്റ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. എക്സ്പെർട്ട് കമ്മിറ്റി

പരിശോധിച്ച് സംവരണം അനുവദിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തുന്ന പക്ഷം, ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് പ്രകാരം സംവരണം അനുവദിക്കാവുന്നതാണ്.

d) നിലവിൽ ഉൾപ്പെട്ടിട്ടില്ല.

മുകളിൽ കാണിച്ച മറുപടിയിൽ താങ്കൾ തൃപ്തനല്ലാത്ത പക്ഷം താങ്കൾക്ക് ഈ കാര്യാലയത്തിലെ അപ്പീൽ അധികാരി മുമ്പാകെ 30 ദിവസത്തിനകം താഴെ കാണിച്ചിരിക്കുന്ന വിലാസത്തിൽ അപ്പീൽ അപേക്ഷ നൽകാവുന്നതാണ്.

ശ്രീ സുഭാഷ് കുമാർ കെ വി
ജോയിന്റ് ഡയറക്ടർ & അപ്പീൽ അധികാരി (വിവരാവകാശം)
സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ- അഞ്ചാം നില
തിരുവനന്തപുരം - 33

വിശ്വസ്തതയോടെ,

ബിന്ദു യു എസ്
ജൂനിയർ സൂപ്രണ്ട് &
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി ഡയറക്ടറേറ്റ്
തിരുവനന്തപുരം.